"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മഞ്ചേരി നഗരസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഇ.എം.എസ്. ഭവന പദ്ധതിയിൽ മാറ്റി വച്ചതും എസ്.സി.പി. ഫണ്ടിൽ ചെലവഴിക്കാതെ ബാക്കി വന്നതുമായ തുക ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.667/2025/LSGD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. മഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 16.10.2024 ലെ 1215100 /24 /k Smart നമ്പർ കത്ത്
2. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2024 ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.17

**<u>ഉത്തരവ്</u>**

മഞ്ചേരി നഗരസഭ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതിയ്ക്കും, വീട് മാത്രം നൽകുന്ന പദ്ധതിയ്ക്കും 2010-11 വർഷം വിവിധ ഘട്ടങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർക്ക് തുക അനുവദിച്ചിരുന്നു. ഇതിൽ ബാക്കിവന്ന 1,18,14,883 രൂപ (ഒരുകോടി പതിനെട്ട് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം ) SB അക്കൗണ്ടിൽ സ്ഥിര നിക്ഷേപമായി സഹകരണ ബാങ്കിൽ സൂക്ഷിച്ചിട്ടുമുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ 113 ഭൂരഹിത ഭവനരഹിതർക്കും 14 ഭൂമിയുള്ള ഭവനരഹിതർക്കും ഇനിയും ധനസഹായം നൽകേണ്ടതുള്ളതിനാൽ പ്രസ്തുത തുക സംസ്ഥനാവിഷ്കൃത ഫണ്ടായി ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകുന്നതിനായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. ലൈഫ് ലിസ്റ്റിൽ ഉള്ളവർക്ക് ഇനിയും ധനസഹായം നൽകാനുണ്ട് എന്നതിനാൽ, മഞ്ചേരി നഗരസഭ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഇ.എം.എസ്. ഭവന പദ്ധതിയിൽ മാറ്റി വച്ചതും എസ്.സി.പി.

ഫണ്ടിൽ ചെലവഴിക്കാതെ ബാക്കി വന്നതുമായ 1,18,14,883 രൂപ (ഒരുകോടി പതിനെട്ട് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി, ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഇത് എസ്.സി.പി.വിഹിതത്തിൽ വന്ന മിച്ചം തുക ആയതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കു തന്നെ നൽകേണ്ടതാണ്.
- 6 മാസത്തിനകം തുക ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മഞ്ചേരി നഗരസഭ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 11-03-2025 11:24:42
സെക്ഷൻ ഓഫീസർ